വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി

7 (*155) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. എ. തോമസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനവധി പദ്ധതികളുടെ കേന്ദ്രബിന്ദുവായ "വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ്" പദ്ധതി സംസ്ഥാനത്തിന് അനുവദിച്ചുകിട്ടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) കൊച്ചിയിലെ ഏതൊക്കെ പദ്ധതികളുടെ കേന്ദ്രബിന്ദുവായി ഈ പദ്ധതിക്ക് പ്രവർത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) കൊച്ചി തുറമുഖ വികസനത്തിന് ഈ പദ്ധതി നിലവിൽ വരുന്നതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി എന്നാണാവിഷ്കരിച്ചതെന്നും എപ്പോഴൊക്കെ പുതുക്കി തയ്യാറാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഇ) കേന്ദ്രാനുമതിക്കായി എപ്പോഴാണ് ഈ പദ്ധതി സമർപ്പിച്ചിത് ;

(എഫ്) ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും ; ഇവ നീക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കാമോ ;

(ജി) സംസ്ഥാനത്തെ എം. പി. മാർ ഉൾപ്പെടെയുള്ളവരുടെ കൂട്ടായ നീക്കം ഇക്കാര്യത്തിലുണ്ടാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) കേന്ദ്രഗവൺമെന്റ് സ്ഥാപനമായ കൊച്ചിൻപോർട്ട് ട്രസ്റ്റിന്റെ കീഴിലുള്ള ഈ പദ്ധതി താമസംവിനാ അനുവദിച്ചു കിട്ടുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ പദ്ധതി പുതുവൈപ്പിനിലെ പുതിയ പ്രോജക്ടുകളായ പെട്രോനെറ്റ്, എൽ. എൻ. സി ടെർമിനൽ പദ്ധതികൾക്ക് വളരെ പ്രയോജനം ചെയ്യും. കൂടാതെ കേരളത്തിലെ വ്യവസായത്തിന് പ്രയോജനം നൽകും.

(സി) തൂത്തുക്കുടി, ചെന്നൈ തുടങ്ങിയ തുറമുഖങ്ങളുടെ മത്സരംകൊണ്ട് കൊച്ചി തുറമുഖത്തിന് കണ്ടയ്നർ ട്രാഫിക് ഗണ്യമായി കുറയാൻ സാദ്ധ്യതയുണ്ട്. പുതിയ പ്രോജക്ട് നിലവിൽ വന്നാൽ ഈ പ്രയാസം തരണം ചെയ്യാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1990-നു മുമ്പ് തന്നെ ഈ പദ്ധതി ആവിഷ്ക്കരിച്ചുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കാത്തതിനാൽ ഈ പദ്ധതി വീണ്ടും 1999-ൽ പുതുക്കി തയ്യാറാക്കിയിട്ടുണ്ട്.

(ഇ) 2000 സെപ്റ്റംബർ മാസം

(എഫ്) ഇല്ല. കേന്ദ്രതുറമുഖ മന്ത്രാലയം ചില വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. അത് നൽകിയിട്ടുണ്ട്.

(ജി) ഇതിനകം തന്നെ ഇക്കാര്യം കേരളത്തിലെ എല്ലാ എം. പി. മാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അടുത്ത കാലത്ത് ബന്ധപ്പെട്ട കേന്ദ്രമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്.

നവജാത ശിശുക്കളിലെ ഹൃദയ വൈകല്യം കണ്ടുപിടിക്കുന്നതിനും ചികിത്സ നൽകുന്നതിനുമുള്ള സൗകര്യം

8 (*156) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവജാതശിശുക്കളിലെ ഹൃദയവൈകല്യം കണ്ടുപിടിക്കുന്നതിനും ചികിത്സ നൽകുന്നതിനും സംസ്ഥാനത്ത് ഇന്നുള്ള സൗകര്യങ്ങൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സൗകര്യങ്ങൾ അപൂർവം ചില കേന്ദ്രങ്ങളിൽ മാത്രമേ ലഭ്യമായിട്ടുള്ളു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത സൗകര്യം വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ. എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) നവജാത ശിശുക്കളിൽ ഹൃദയ സംബന്ധമായ തകരാറുകൾ ആരംഭിക്കുന്നത് ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) നവജാത ശിശുക്കളിൽ കണ്ടുവരുന്ന ഹൃദയ വൈകല്യങ്ങൾ യഥാസമയം കണ്ടെത്തുന്നതിനും ചികിത്സ നൽകുന്നതിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly